**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 374** **01-02-2023 - ൽ മറുപടിയ്ക്ക്**

**ഇന്റഗ്രേഷൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിന് വിവിധ വകുപ്പുകളെ സംയോജിപ്പിക്കുന്ന ഇന്റഗ്രേഷൻ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്ന് ഒരു വർഷത്തോളമായി സംയോജിതമായ നിലയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾ 27.10.2022 തീയതിയിലെ SRO 1030/2022, SRO 1031/2022 പ്രകാരം വിജ്ഞാപനം ചെയ്തു. 1.11.2022-ലെ സ.ഉ.(ആർ.റ്റി) നം. 2660/2022/തസ്വഭവ. പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ഓഫീസുകളിലെയും തസ്തികകളുടെ എണ്ണം നിശ്ചയിച്ച് ഉത്തരവായി. തുടർന്ന് 9 ജില്ലകളിൽ ജില്ലാ മേധാവികളായി ജോയിന്റ് ഡയറക്ടർമാരെ നിയമിച്ചു. ശേഷിക്കുന്ന ജില്ലകളിൽ മുതിർന്ന ജില്ലാതല ഉദ്യോഗസ്ഥർക്ക് ജോയിന്റ് ഡയറക്ടറുടെ ചുമതല നൽകിയിട്ടുമുണ്ട്. സംസ്ഥാനതല കാര്യാലയമായ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥ ക്രമീകരണ നടപടികൾ പൂർത്തിയായിവരുന്നു. ജില്ലാ കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥക്രമീകരണം സംബന്ധിച്ചും ഓർഗാനോഗ്രാം, ഫങ്ഷണൽ മാനുവൽ എന്നിവ അന്തിമമാക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം 2023 ജനുവരി 24, 25 തീയതികളിൽ സംഘടിപ്പിക്കപ്പെട്ട ശില്പശാലയിൽ ചർച്ച ചെയ്യുകയുണ്ടായി. അതിൻപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓർഗാനോഗ്രാം, ഫങ്ഷണൽ മാനുവൽ എന്നിവ അന്തിമമാക്കുന്നതാണ്. |
| (ബി) | ഇന്റഗ്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഇന്റഗ്രേഷൻ നടപടികൾ തടസ്സമില്ലാതെ നടന്നുവരുന്നുണ്ട്. നിലവിൽ കൈകാര്യം ചെയ്തുവരുന്ന ഫയലുകൾ പുതുതായി രൂപീകരിക്കുന്ന വിവിധ സെക്ഷനുകളിലേക്കുള്ള കൈമാറ്റത്തിനും, പുതുതായി രൂപീകരിക്കുന്ന ഉദ്യോഗസ്ഥ സംവിധാന |

| | | | |
|---|---|---|---|
| | | | ക്രമീകരണങ്ങൾക്കുമായി നേരിടുന്ന സ്വാഭാവിക കാലതാമസം മാത്രമാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ